**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1647** **31-08-2022 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി അസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി ഓഫീസർ എന്നീ തസ്തികളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കാമോ; | (എ) | കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികകളിലായി 92ഒഴിവുകളും, കൃഷി ഓഫീസർ തസ്തികയിൽ 150 ഒഴിവുകളും നിലവിലുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; വിശദാംശം നൽകാമോ? | (ബി) | **കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളിൽ 47ഒഴിവുകളിൽ അഡ്വൈസ് ലഭിക്കാനുണ്ട്. കൂടാതെ കഴിഞ്ഞ റാങ്ക് പട്ടികയിൽ ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്നതിനാൽ പി.എസ്.സി.യിൽ നിന്നും NAC ആയി റിപ്പോർട്ട് ചെയ്തിരുന്ന 17ഒഴിവുകളും, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ബൈ ട്രാൻസ്ഫർ മുഖേന കൃഷി അസിസ്റ്റന്റ് തസ്തികയിൽ 5% സംവരണം പ്രകാരം നികത്താനായി 16 ഒഴിവുകളും വകുപ്പിൽ മാറ്റിവെച്ചിരിക്കുകയാണ്. നിലവിൽ NJD ആയി ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്ത 5 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേൽ പ്രകാരം ഒഴിവുകൾ കൂടാതെ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 7 പേർ കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിൽ അംഗീകൃത തസ്തികകളെക്കാൾ അധികമായി ജോലി ചെയ്തുവരുന്നതിനാൽ ഫലത്തിൽ 7 ഒഴിവുകൾ കൂടി കാണുന്നു.** |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

കൃഷി അസിസ്റ്റന്റ്/അസിസ്റ്റന്റ് കൃഷി ഓഫീസർ , കൃഷി ഓഫീസർ എന്നീ തസ്തികളിലെ ഒഴിവുകൾ (ജില്ലതിരിച്ച്)

| ജില്ല | കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ | കൃഷിഅസിസ്റ്റന്റ്, അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ |
|---|---|---|
| തിരുവനന്തപുരം | ഒഴിവുകളില്ല | ഒഴിവുകളില്ല |
| കൊല്ലം | 2 | ഒഴിവുകളില്ല |
| കോട്ടയം | 5 | ഒഴിവുകളില്ല |
| പത്തനംതിട്ട | 11 | 1 |
| ആലപ്പുഴ | 12 | 1 |
| എറണാകുളം | 4 | 17 |
| തൃശ്ശൂർ | 27 | 3 |
| ഇടുക്കി | 10 | 8 |
| മലപ്പുറം | 10 | ഒഴിവുകളില്ല |
| പാലക്കാട് | 27 | ഒഴിവുകളില്ല |
| വയനാട് | 3 | ഒഴിവുകളില്ല |
| കോഴിക്കോട് | 13 | 32 |
| കണ്ണൂർ | 21 | 30 |
| കാസറഗോഡ് | 5 | ഒഴിവുകളില്ല |
| ആകെ | 150 | 92 |